# സൗമ്യയ്ക്കായി വീണ്ടും ഒരുയാത്ര

ആലപ്പുഴ: ട്രെയിനിൽനിന്ന് തള്ളിയിട്ട് ക്രൂരമായി പീഡിപ്പിച്ച് കൊന്ന സൗമ്യയുടെ രണ്ടാം ചരമവാർഷികത്തിൽ സൗമ്യ സഞ്ചരിച്ച വഴികളിലൂടെ വീണ്ടും യാത്ര സംഘടിപ്പിക്കും.

കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിലെ എംബിഎ വിദ്യാർഥികളും സീനിയർ ജൻസ് എന്ന സംഘടനയും ചേർന്നാണ് യാത്ര നടത്തുന്നത്. യാത്രക്കാരുടെ അവകാശം നേടിയെടുക്കുന്നതിനാണ് യാത്ര. ഫെബ്രുവരി ഒന്നിന് വൈകിട്ട് മൂന്നിന് കൃഷ്ണയ്യരുടെ വസതിയിൽ അദ്ദേഹത്തിൽനിന്ന് പ്രതീകാത്മകമായി ടിക്കറ്റുവാങ്ങി യാത്ര ആരംഭിക്കും. സൗമ്യ യാത്ര ചെയ്ത പാസഞ്ചറിൽ കയറി വള്ളത്തോൾ നഗർ സ്റ്റേഷനിലിറങ്ങി സൗമ്യയ്ക്ക് ശ്രദ്ധാഞ്ജലിയും അർപ്പിക്കും. മാനേജ്മെന്റ് ആശയങ്ങൾ സാമൂഹികനന്മയ്ക്കായി ഉപയോഗിക്കാനാണ് ഈ ഉദ്യമമെന്ന് ഐഎംടി അസി. പ്രൊഫ. ഇന്ദുലേഖ പറഞ്ഞു.